# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 01

# വാർത്താക്കുറിപ്പ്

---

## പരീക്ഷ ഫലം

മഹാത്മാഗാന്ധി സർവകലാശാല മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ് സി. മോഡൽ 1,2,3 (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 15 വരെ സർവകലാശാല വെബ്സൈറ്റിലെ 'സ്റ്റുഡന്റ് പോർട്ടൽ' ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/939/2020)

## പ്രാക്ടിക്കൽ

2019 സെപ്റ്റംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി(2014 സ്കീം, 2018 അഡ്മിഷൻ റഗുലർ, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ ആറ് മുതൽ എട്ടുവരെ പാല അൽഫോൺസ കോളജിൽ നടക്കും. വിശദവിവരത്തിന് കോളജ് ഓഫീസുമായി ബന്ധപ്പെടുക.

(പി.ആർ.ഒ/39/940/2020)

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യുക്കേഷൻ-ഇന്റലെക്ച്വൽ ഡിസെബിലിറ്റി/ലേണിങ് ഡിസെബിലിറ്റി(2018 അഡ്മിഷൻ റഗുലർ/2016, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷ ഒക്ടോബർ 14ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/941/2020)

നാലാം സെമസ്റ്റർ ബി.ഫാം(2016 അഡ്മിഷൻ റഗുലർ) പരീക്ഷ ഒക്ടോബർ 30ന് ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ എട്ടുവരെയും 525 രൂപ പിഴയോടെ ഒക്ടോബർ ഒമ്പതു വരെയും 1050 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും അപേക്ഷിക്കാം. പരീക്ഷ ഫീസിനു പുറമേ 210 രൂപ സി.വി. ക്യാമ്പ് ഫീസും അടയ്ക്കണം.

(പി.ആർ.ഒ/39/942/2020)

## എം.ജിയിൽ ഔഷധസസ്യോദ്യാനം;
## ഗാന്ധിജയന്തി ദിനത്തിൽ തുടക്കം

മഹാത്മാഗാന്ധി സർവകലാശാലയിൽ ഔഷധസസ്യോദ്യാനം ഒരുങ്ങുന്നു. ഗാന്ധിജയന്തി ദിനമായ ഇന്ന്(ഒക്ടോബർ 2) രാവിലെ 11ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഔഷധസസ്യം നട്ട് ഉദ്ഘാടനം നിർവഹിക്കും. സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ സഹകരണത്തോടെ കാമ്പസിലെ അതിഥി മന്ദിരത്തിനു സമീപമാണ് ഉദ്യാനം തയാറാക്കുന്നത്.

പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. ഷാനവാസ്, അഡ്വ. എം. അനിൽകുമാർ, ഡോ. എ. ജോസ്, പ്രൊഫ. സന്തോഷ് പി. തമ്പി, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, ഔഷധസസ്യോദ്യാന പദ്ധതി കോ-ഓർഡിനേറ്റർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഹെർബൽ ഗാർഡൻ സൂപ്പർവൈസർ സി.എസ്. ജയപ്രകാശൻ എന്നിവർ പങ്കെടുക്കും. ഔഷധസസ്യങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം പ്രോത്സാഹിപ്പിക്കുക, വിജ്ഞാനവ്യാപനം എന്നിവ ലക്ഷ്യമിട്ടാണ് ഔഷധസസ്യോദ്യാനം തയാറാക്കുന്നത്.

(പി.ആർ.ഒ/39/943/2020)

**എ. അരുൺകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ